**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2806** **12-07-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട്, മലപ്പുറം ജില്ലകളുടെ അതിർത്തി പ്രദേശങ്ങളിലെ വന്യമൃഗശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട്, മലപ്പുറം ജില്ലകളുടെ അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ അടുത്ത കാലത്ത് രൂക്ഷമായ വന്യമൃഗശല്യം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | വന്യജീവികളുടെ ആക്രമത്തിൽ നിന്നും വനാതിർത്തികളിൽ ഉള്ള ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനായി പ്രസ്തുത മേഖലകളിൽ എല്ലാം ജീവനക്കാരെയും വാച്ചർമാരെയും നിയോഗിക്കുക, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സൗരോർജ്ജവേലി സ്ഥാപിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വന്യജീവി ശല്യം രൂക്ഷമായ കരിമ്പ് കോളനി ഭാഗത്തു 4 കി.മീ. സൗരോർജ്ജവേലി സ്ഥാപിച്ചിട്ടുണ്ട്. താമരശ്ശേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന ദ്രുതകർമ്മസേന കോഴിക്കോട് ഡിവിഷനിൽ നിലവിലുണ്ട്. ഈ ആർ.ആർ.ടി യുടെ സഹായത്തോടെ നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ സുരക്ഷിതമായ വനാന്തർഭാഗത്തേക്ക് കയറ്റിവിടാറുണ്ട്. നാട്ടുകാരുടെ സഹായത്തോടെ വന്യമൃഗശല്യം തടയുന്നതിന് വി.എസ്.എസ് രൂപീകരണ നടപടികൾ തുടങ്ങിയിട്ടുണ്ട്. ആയത് സംബന്ധിച്ച് തിരുവമ്പാടി എം.എൽ.എ യുടെ നേതൃത്വത്തിൽ 16.06.2022 ന് ജനപ്രതിനിധികളുടേയും നാട്ടുകാരുടെയും സാന്നിധ്യത്തിൽ ഒരു യോഗം ചേരുകയും പ്രസ്തുത യോഗ തീരുമാന പ്രകാരം നിലമ്പൂർ വനഭാഗത്തോട് ചേർന്നുള്ള കുവാറൻ തോട് ഭാഗത്ത് മുരിങ്ങയിലതോട് മുതൽ മേടപ്പാറ വരെ 8 കി.മീ സോളാർ ഫെൻസ് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ